LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി 'ടെലി-സ്ട്രോക്ക് ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, തിരൂർ ജില്ലാ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കാസർഗോഡ് ജനറൽ ആശുപത്രി എന്നീ പത്ത് ആശുപത്രികളിലാണ് ആദ്യഘട്ടത്തിൽ ഇത് പ്രാവർത്തികമാക്കിയത്. രോഗം തുടങ്ങുന്ന ആദ്യ മണിക്കൂറുകളിൽ ചികിത്സ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ മരുന്ന് ലഭ്യമാക്കാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പക്ഷാഘാത ചികിത്സ നടത്തുന്നുണ്ട്. കൊച്ചിയിലെ അമൃതാ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ആരോഗ്യവകുപ്പിലെ 70-ഓളം ഡോക്ടർമാർക്ക് വിദഗ്ധ പരിശീലനം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ ആഭിമുഖ്യത്തിൽ നൽകുകയുണ്ടായി.

(സി) പക്ഷാഘാതം വന്നവരെ ചലനാത്മകമായ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റ്. ഒരു ജില്ലയിലെ ഒരു ആശുപത്രിയിൽ പക്ഷാഘാത പരിചരണത്തിനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ഫിസിയാട്രി യൂണിറ്റിന്റെ സഹായത്തോടുകൂടി പക്ഷാഘാതംവന്ന രോഗികൾക്ക് പുനരധിവാസ ചികിത്സ നൽകുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം. ഉപകരണങ്ങൾ വാങ്ങുന്നതിനായി 142 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറുന്നതാണ്. ആശുപത്രികളിൽ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യൂറോളജി വാർഡുകളിൽ സ്ട്രോക്ക് റീഹാബിലിറ്റേഷൻ നടത്തുന്നുണ്ട്.

ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവ്

6 (698) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണുള്ളതെന്നും നിലവിൽ ഈ ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) ദീർഘനാളുകളായി ഡോക്ടർമാരെ നിയമിക്കാത്തതുമൂലം ആശുപത്രിയുടെ പ്രവർത്തനം അവതാളത്തിലായിട്ടും ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും അവസാനമായി പോസ്റ്റ്മോർട്ടം നടത്തിയ തീയതിയെന്നെന്നും വിശദമാക്കുമോ ;

(ഡി) ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സിവിൽ സർജന്റെ ഒന്നും അസിസ്റ്റന്റ് സർജന്റെ അഞ്ചും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ ടി തസ്തികകളിലെല്ലാം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ അനുവദിക്കപ്പെട്ട സിവിൽ സർജന്റെ ഒരു തസ്തികയിലും അസിസ്റ്റന്റ് സർജന്റെ അഞ്ച് തസ്തികകളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം മുഖേന മൂന്ന് ഡോക്ടർമാരുടെയും അഡ് ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറുടെയും സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) നിലവിൽ ഞാറക്കൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യുന്നതിന് സൗകര്യം ഉണ്ട്.

(ഡി) ഞാറക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ജി.ഐ.ഡി.എ.-യിൽനിന്നും 5 കോടി രൂപ ഉപയോഗിച്ച് കെട്ടിടം പണിയുന്നതിന് തീരുമാനമായിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജി.ഐ.ഡി.എ-ക്കാണ് ഇതിന്റെ ചുമതലകൾ നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly